I/72919/2022

**തദ്ദേശ സ്വയം ഭരണ വകുപ്പ് പ്ലാനിംഗ്**

**ജില്ലാ ടൗൺ പ്ലാനറുടെ നടപടിക്രമം**

വിഷയം: കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ റീസർവ്വേ നമ്പർ 291/32, 291/18-2, 291/28-2, 291/19-2,291/29,291/16 ൽ പ്പെട്ട 15.37 ആർ സ്ഥലത്തു 118 ച മീ വിസ്തൃതിയിൽ നിലവിലുള്ള സെയിൽസ് ഓഫീസ് കെട്ടിടത്തിനു പുറമേ 256 ച മീ വിസ്തൃതിയിലുള്ള കനോപ്പി, 30 ച മീ വിസ്തൃതിയിലുള്ള ഓഫീസ് കം ടോയ്‌ലറ്റ് ബ്ലോക്ക് ഉൾപ്പെടെ ആകെ 404 ച മീ വിസ്തൃതിയിൽ ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി ശ്രീ M.H സലിം,കടവിളാകത്തു വീട്, ഇളംകുളം സമർപ്പിച്ച അപേക്ഷ ലേഔട്ട് & യൂസേജ് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- ശ്രീ. M.H സലീം, കടവിളാകത്തു വീട്, ഇളംകുളം, പാരിപ്പള്ളി, കൊല്ലം സമർപ്പിച്ച 07.10.2022 ലെ അപേക്ഷ.

---

ഉത്തരവ് നമ്പർ TCPKLM/242/2022-C തീയതി : 26-10-2022

511

---

കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിൽ റീസർവ്വേ നമ്പർ 291/32, 291/18-2, 291/28-2, 291/19-2,291/29,291/16 ൽ പ്പെട്ട 15.37 ആർ ച മീ സ്ഥലത്തു 118 ച മീ വിസ്തൃതിയിൽ നിലവിലുള്ള സെയിൽസ് ഓഫീസ് കെട്ടിടത്തിനു പുറമേ 256 ച മീ വിസ്തൃതിയിലുള്ള കനോപ്പി, 30 ച മീ വിസ്തൃതിയിലുള്ള ഓഫീസ് കം ടോയ്‌ലറ്റ് ബ്ലോക്ക് ഉൾപ്പെടെ ആകെ 404 ച മീ വിസ്തൃതിയിൽ ഫ്യൂവൽ ഫില്ലിംഗ് സ്റ്റേഷൻ നിർമ്മിക്കുന്നതിന് വേണ്ടി ശ്രീ M.H സലിം,കടവിളാകത്തു വീട്, ഇളംകുളം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ KPBR-2019-നും താഴെപറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. താഴെ പറയുന്ന നിബന്ധനകൾ പൂർണ്ണമായും പാലിച്ചിട്ടുണ്ടെന്നും നിയമാനുസൃത ഏജൻസികളുടെ അനുമതി/എൻ.ഒ.സി എന്നിവ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പ് വരുത്തിയ ശേഷം മാത്രമേ സെക്രട്ടറി കെട്ടിട നിർമാണാനുമതി/ ഒക്യുപെൻസി നൽകുവാൻ പാടുള്ളൂ.
2. KPBR-2019-ലെ ചട്ടം 9(2) പ്രകാരം നിർമ്മാണ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ, സർവ്വേ നമ്പർ, വിസ്തൃതി, അളവുകൾ, അതിരുകൾ, ഉടമസ്ഥാവകാശം, നിർമ്മാണാവകാശം എന്നിവ സെക്രട്ടറി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. കൂടാതെ ടി പ്ലോട്ടിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടില്ലെന്നു ഉറപ്പ് വരുത്തണം.
3. ചട്ടം 5(4) ൽ വ്യവസ്ഥ ചെയ്തിട്ടുള്ളതും ടി നിർമ്മാണത്തിന് ബാധകമായിട്ടുള്ളതുമായ NOC കൾ ബന്ധപ്പെട്ട വകുപ്പുകൾ/ ഏജൻസികൾ എന്നിവയിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
4. പ്രസ്തുത സ്ഥലത്തു നിർമ്മാണ നിയന്ത്രണങ്ങൾ ഒന്നും ഇല്ലായെന്നു സെക്രട്ടറി ഉറപ്പുവരുത്തിയിരിക്കണം.

5. നിർ ദ്ദിഷ്ട ലേ-ഔട്ടിൽ, പരിസരവാസികൾക്ക് ദോഷമുണ്ടാകാത്ത വിധത്തിൽ, ഡ്രെയിനേജിനുള്ള (മഴവെള്ളം /മലിനജലം) സൗകര്യം നല്കിയിരിയ്ക്കണം.
6. നിർമ്മാണം കെ.പി.ബി.ആർ. 2019 ചട്ടം 79 ന് അനുസൃതമായി മാലിന്യനിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
7. നിർ ദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/ സമീപപ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിക്കുന്നില്ല എന്നു സെക്രട്ടറി ഉറപ്പുവരുത്തണം.
8. സൈറ്റ് പ്ലാനില് പൊളിച്ച് നീക്കാനുള്ളത് എന്ന് രേഖപ്പെടുത്തിയിട്ടുള്ള നിര്മ്മാണങ്ങള് പൊളിച്ച് നീക്കേണ്ടതാണ്. കൂടാതെ KPBR 2019 ചട്ടം 79(A) പ്രകാരം കെട്ടിട നിർമ്മാണ സമയത്തോ, നിലവിലുള്ള നിർമ്മാണം പൊളിച്ചു മാറ്റേണ്ടി വരുമ്പോഴോ ഉണ്ടാകുന്ന മാലിന്യങ്ങൾ (waste) 2016 ലെ construction and demolition of waste management rule പ്രകാരം സുരക്ഷിതമായി ഡിസ്പോസ് ചെയ്യുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം
9. ടി കെട്ടിടത്തിന്റെ നിർമ്മാണം, ഉപയോഗം എന്നിവ മൂലം സമീപവാസികളുടെ സ്വൈര ജീവിതത്തിനും സുരക്ഷയ്ക്കും യാതൊരു വിധമായ ഭീഷണിയോ, പാരിസ്ഥിതിക പ്രശ്നങ്ങളോ ശബ്ദ, വായു, ജല മലിനീകരണ പ്രശ്നങ്ങളോ മറ്റ് അനുബന്ധ പ്രത്യാഘാതങ്ങളോ ഉണ്ടാകാതിരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണം.
10. ചട്ടം 34(3)(2) പ്രകാരം സന്ദർശകർക്കുള്ള ശുചിമുറി സൗകര്യം നൽകിയിരിക്കണം.
11. പെട്രോൾ ടാങ്കിന്റെയും വെന്റ് പൈപ്പിന്റെയും സ്ഥാപനവും നിർമ്മാണവും നിലവിലുള്ള പെട്രോളിയം ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കണം.
12. പെട്രോൾ പമ്പിൻറെ സ്ഥാനം MOFTH Guidelines പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണം.
13. നിർദ്ദിഷ്ട നിർമ്മാണം KPBR-2019-ഉം അനുബന്ധ ഭേദഗതികൾക്കും ബാധകമായ മറ്റ് നിയമങ്ങൾക്കും അനുസൃതമായിരിക്കണം.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>44/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാനുകൾ ഇതോടൊപ്പം അയയ്ക്കുന്നു.</u>

ഉള്ളടക്കം : പ്ലാൻ ഒരു സെറ്റ്.

ടൗൺപ്ലാനർ
കൊല്ലം

ശ്രീ.എം.എച്ച്.സലിം,
കടവിളാകത്ത് വീട്,
ഇളംകുളം,പാരിപ്പള്ളി,കൊല്ലം

I/72919/2022

പകർപ്പ്: സെക്രട്ടറി,
കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്ത്.